പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽകോളേജ് പരിസരത്ത് ഒരു ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് ട്രിഡ ശുപാർശ ചെയ്തിട്ടുണ്ട്, അതിനാവശ്യമായ സ്ഥലം വിട്ടുകൊടുക്കണമെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അതു പരിശോധിക്കാം. അതുപോലെത്തന്നെ മെഡിക്കൽകോളേജ് ആശുപത്രിയുടെ മുൻപിലുള്ള ജംഗ്ഷൻ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

(3) കെ. എസ്. ഇ. ബി.യിൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പി. എസ്. സി. ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതു സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, കെ. എസ്. ഇ. ബി.യിലെ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് പി. എസ്. സി. പ്രസിദ്ധീകരിച്ച ഷോർട്ട് ലിസ്റ്റിനു പിന്നിൽ വ്യാപകമായ പരാതിയുയർന്നിട്ടുണ്ട്. 1994-മുതൽ 2001 വരെയുള്ള 4500-ൽപ്പരം ഉദ്യോഗാർത്ഥികളിൽനിന്ന് 2002 ഏപ്രിൽ മാസം അപേക്ഷ ക്ഷണിച്ചു. 5-2-2005-ന് എഴുത്തുപരീക്ഷ നടത്തി. 5-7-2005-ന് വെറും 96 പേർ മാത്രം അടങ്ങുന്ന ഷോർട്ട് ലിസ്റ്റ് ആണ് പി. എസ്.സി. പ്രസിദ്ധീകരിച്ചിരിക്കുന്നത്. 2000-ലധികം ഒഴിവുള്ള തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് കെ. എസ്. ഇ. ബി. നിയമനം നടത്തിവരുന്നത്. എന്നാൽ യഥാർത്ഥത്തിലുള്ള ഒഴിവുകൾ കെ.എസ്.ഇ.ബി. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. അതിന് പരീക്ഷ എഴുതിയ അർഹരായിട്ടുള്ളവർ age over ആയി ഇനി പരീക്ഷ എഴുതാൻ പറ്റാത്തവരായി മാറും. അതുകൊണ്ട് അടിയന്തിരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും നിലവിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താനുമുള്ള നടപടികൾ എടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.വഴി നികത്തണമെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ നയം. ഈ നിശ്ചിത തസ്തികയിൽ 60 ശതമാനം ജീവനക്കാരുടെയിടയിൽനിന്നും പ്രൊമോഷൻവഴിയും, 40 ശതമാനം പി.എസ്.സി.വഴി നേരിട്ടുള്ള നിയമനവുമാണ്. പി.എസ്.സി.യുടെ ലിസ്റ്റ് ഇപ്പോൾ കിട്ടിയിട്ടുണ്ട്. ആ ലിസ്റ്റിൽ തന്നിരിക്കുന്ന നമ്പർ അവിടത്തെ വേക്കൻസിയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ഈ കാര്യം പ്രത്യേകം പരിശോധിക്കും. ഗവൺമെന്റിന്റെ നയം, പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യാൻ സാധ്യതയുള്ള മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യണം, അതനുസരിച്ച് എടുക്കണം എന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞകാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly